

icons
ഡിജിറ്റൽ മാഗസിൻ
GOVT.SANSKRIT H.S. CHARAMANGALAM
little KITEs

# സന്ദേശം

പാഠപുസ്തകത്തിലെ അറിവുകൾക്കപ്പുറം ലിറ്റിൽ കൈറ്റ്
അംഗങ്ങൾക്കുലഭിക്കുന്ന സാങ്കേതികരംഗത്തെ വിവിധ മേഖലകളിലെ അടിസ്ഥാന
നൈപുണികൾപ്രായോഗികതലത്തിലേക്കു എത്തിക്കുന്നതിനു ഈ
ഡിജിറ്റൽമാഗസിൻഅവസരമൊരുക്കുന്നു.
വിവരവിനിമയസാങ്കേതികവിദ്യയുടെ സമർത്ഥവും വൈദഗ്ധ്യവുമായ ഉപയോഗം
എല്ലാകുട്ടികളിലേക്കും
എത്തട്ടേയെന്നു ആശംസിക്കുന്നു.

ഗീത കെ.

ഹെഡ്മിസ്ട്രസ്

ഗവ.സംസ്കൃത ഹൈസ്കൂൾ, ചാരമംഗലം

ഉള്ളടക്കം പേജ്നമ്പർ

പ്രണാമം.....................................................................4
സൈന്മൽ.....................................................................5
കുട്ടിയും തള്ളയും.........................................................6
ഓട്ടൻ തുള്ളൽ...............................................................8
സ്നേഹം.....................................................................9
നേർവഴിയേ...............................................................10
പുസ്തകം.....................................................................11
ഇതാ സമ്മാനം...........................................................12
പമ്പാനദി..................................................................13
മൗലീകച്ചുമതലകൾ....................................................14
എന്റെപ്രിയനാട്.........................................................15
പ്രളയം നമ്മെ പഠിപ്പിക്കുന്നത്...................................16
ബുദ്ധമയൂരി...............................................................17
ഊർജനഷ്ടം ഒഴിവാക്കാൻ..........................................18
അമ്മ മനസ്സ്.................................................................19
പ്രേമസംഗീതം......................................................... 20
സൗന്ദര്യലഹരി.........................................................23
നന്ദി.........................................................................25

# പ്രണാമം

അജ്ഞതയുടെ അന്ധകാരമകറ്റൻ വന്ന

അക്ഷര ജ്യോതിസ്സേ!...

മാനവീയ ത്യാഗത്തിൻ മഹാതേജസ്സേ!...

അങ്ങ്, ഞങ്ങൾക്കായ് കൊളുത്തി നൽകിയ


ഈ കെടാവിളക്കിൽ പ്രഭ

നാടെങ്ങും നിറയുമ്പോൾ

ഓരോ മനസ്സു ഉണരുമ്പോൾ

ഇതാ...അക്ഷര സുനങ്ങളാൽ... അങ്ങയുടെ

പാദങ്ങളിൽ അറിവിൻ പ്രണാമം



# SMILE

*Whenever wherever*
*I don't know*
*Man lost his smile*
*Is it in a street*
*In a river bank*
*But.........*
*He don't know*
*The wonderness of a smile*
*The cheerfulness of a smile*
*It can cure ailment*
*It makes mind together*
*It can join boundaries*
*A smile can cover*
*All the clouds*
*Adorn a smile in your face*
*A fixed portrait smile.*



## കുട്ടിയും തള്ളയും

കുമാരനാശാൻ

പൂക്കുന്നിതാ മുല്ല, പൂക്കുന്നിലഞ്ഞി,
പൂക്കുന്ന തേന്മാവു, പൂക്കുന്നശോകം;
വായ്ക്കുന്ന വേലിക്കു വർണ്ണങ്ങൾ, പൂവാൽ
ചോക്കുന്ന കാടന്തിമേഘങ്ങൾപോലെ.

എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു വായു;
ഉല്ലാസമീ നീണ്ട കൂകൂരവത്താ-
ലെല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ.

കാണുന്നിതാ രാവിലേ പൂവു തേടി
ക്ഷീണത്വമോരാത്ത തേനീച്ച കാട്ടിൽ
പോണേറെയുത്സാഹമുൾക്കൊണ്ടിവയ്ക്കെ-
ന്തോണം വെളുക്കുന്നുഷസ്സായിതെല്ലാം?

പാടങ്ങൾ പൊന്നിൻനിറംപൂണ്ടു, നീളെ-
പ്പാടിപ്പറന്നെത്തിയീത്തത്തയെല്ലാം
കേടറ്റ നെല്ലിൻ കതിർക്കാമ്പുകൊത്തി-
ക്കൂടാർന്ന ദിക്കോർത്തു പോകുന്നു വാനിൽ.

ചന്തം ധരയ്ക്കേറെയായ് ശീതവും പോ,-

യന്തിക്കു പൂങ്കാവിലാളേറെയായി;

സന്തോഷമേറുന്ന, ദേവാലയത്തിൽ

പൊന്തുന്ന വാദ്യങ്ങൾ—വന്നൂ വസന്തം!

നാകത്തിൽനിന്നോമനേ, നിന്നെ വിട്ടീ

ലോകത്തിനാനന്ദമേകുന്നിതീശൻ

ഈ കൊല്ലമീ നിന്റെ പാദം തൊഴാം ഞാൻ

പോകൊല്ല പോകൊല്ല പൂക്കാലമേ നീ!

ചിന്തിച്ചിളങ്കാറ്റുതൻ നിസ്വനത്താ-

ലെന്തോന്നുരയ്ക്കുന്നു നീ?—ഞാനറിഞ്ഞു,

"എന്താതനാം ദേവനോതുന്നതേ ഞാ-

നെന്താകിലും ചെയ്യു"വെന്നല്ലയല്ലീ?



## ഓട്ടൻതുള്ളൽ







*പാവപ്പെട്ടവരുടെ കഥകളിയെന്നറിയപ്പെടുന്ന കലാരൂപമാണ് ഓട്ടൻതുള്ളൽ. കുഞ്ചൻ നമ്പ്യാരാണ് ഇതിൻെറ ഉപജ്ഞാതാവ്.തുള്ളൽ മൂന്ന് വിധത്തിലുണ്ട്.ഓട്ടൻതുള്ളൽ,ശീതങ്കൻ തുള്ളൽ ,പറയൻ തുള്ളൽ എന്നിവയാണ് അവ.ശീതങ്കൻ തുള്ളൽ പ്രകാരമുള്ള കല്യാണസൗഗന്ധികമാണ് ആദ്യ തുള്ളൽകൃതി. പുരണാകഥകൾ, സമകാലീനാജീവിതവുമായി ബന്ധപ്പെടുത്തി വളരെ രസകരമായി അവതരിപ്പിക്കുന്ന കലാരൂപമാണ് തുള്ളൽ.*

# പലവിധമായുള്ള സ്നേഹം(കവിത)

അമ്മതന് മാറിൽ പറ്റിക്കിടക്കവേ-
ആദ്യമായ് സ്നേഹം ഞാനറിഞ്ഞു....
അച്ഛനിൽ നിന്നും, ഗുരുക്കന്മാരിൽ നിന്നും-
ഉറ്റ സുഹൃത്തിൻ അരികിൽ നിന്നും
പച്ചനെല്ലിക്കയിലുമുപ്പിലും,പുളിയിലും,
സൗഹൃദത്തിൻ സ്നേഹം ഞാനറിഞ്ഞു...
പകരമായ് ഞാൻ നൽകിയോരോ സമ്മാനവും-
അതിലേറ്റവും മൂല്യമുള്ള സ്നേഹവും.
തിളക്കം,കൗമാരത്തിൽ,യൗവ്വനത്തിൽ ഞാൻ-
സ്നേഹത്തിനർത്ഥം തിരഞ്ഞിടുമ്പോൾ...
ആയിരമായിരം കൂട്ടുകാരും
ആരോടുകൂടണം ? ആരെ സ്നേഹിക്കണം ?
ആരിൽ നിന്നും സ്നേഹം വാങ്ങണം ?
സ്നേഹമില്ലാതീ ലോകമില്ലെന്നെന്റ-
മനസ്സിൽ നിന്നാരോ പറഞ്ഞിടുമ്പോൾ...
പലവിധമായുള്ള സ്നേഹത്തിൻ ഉറവിടം-
പലതല്ലയെന്ന ഞാനറിഞ്ഞിടുന്നു......

# നേർവഴിയേ

അനു, വിനു എന്നിവർ നല്ല സുഹൃത്തുക്കളായിരുന്നു.എന്തു കിട്ടിയാലും പരസ്പരം പങ്കുവെച്ചുകഴിക്കുന്നവർ .സ്കൂളിലെ മത്സരങ്ങളിലെല്ലാം പങ്കെടുക്കുകയും സമ്മാനം നേടുകയും ചെയ്യുമായിരുന്നു അവർ അതു കൊണ്ടുതന്നെ അവരോട് അസൂയ തോന്നിയ കുട്ടികൾ ആ ക്ലസ്സിൽ ഉണ്ടായിരുന്നു.അതിനാൽ അനുവിനേയും വിനുവിനേയും എങ്ങനേയും തകർക്കണമെന്ന് അവർ വിചാരിച്ചു. അതിനുള്ള ശ്രമങ്ങളും നടത്തി. ഒരിക്കൽ അവർ അനുവിനെ ഒറ്റയ്ക്കു കിട്ടിയപ്പോൾ അവനെ തടഞ്ഞു നിർത്തി പറഞ്ഞു എടാ, നീ ഇങ്ങോട്ട് വന്നേ ഞങ്ങൾ ഒരു കാര്യം പറയട്ടെ അപ്പോൾ അനു പറഞ്ഞു ഞാൻ വിനുവിനെ  കൂടെ വിളിക്കട്ടെ അപ്പോൾ അവരിലൊരാൾ പറഞ്ഞു വേണ്ട വേണ്ട നീ അവനെ ഒന്നും വിളിക്കാൻ പോകേണ്ട നിന്നോട് മാത്രമായി ഒരു രഹസ്യം പറയുവാനുണ്ട്. എന്ത്  രഹസ്യം? അനു ചോദിച്ചു മറ്റൊന്നുമല്ല നീ ഞങ്ങളുടെ കൂടെ കളിക്കാൻ വരണം. ശരി എന്നു പറഞ്ഞു കൊണ്ട് അനു ഓടിപ്പോയി.പിന്നീട് നടന്ന കാര്യങ്ങളെക്കുറിച്ച് അനു വിനുവിനോട് പറഞ്ഞു. അപ്പോൾ വിനു,അനുവിനെ ഉപദേശിച്ചു. നീ അവരുടെ കൂടെ കളിക്കാൻ പോകണ്ട-എന്നാൽ അനു പറഞ്ഞു ഞാൻ പോയിട്ടു വരാം നീ പേടിക്കണ്ട വിനുവിന് വിഷമം തോന്നി. തിരിച്ച് പോരുന്ന വഴിയാണ് ആ കാഴ്ച്ച കണ്ടത്. വഴിയിൽ മദ്യപിച്ച് മയക്കുമരുന്നും ഉപയോഗിച്ച് കുറച്ച് പേർ,വഴിയരികിലെ കുറ്റിക്കാട്ടിൽ. ശബ്ദം കേട്ട് അരികെ ചെന്നു നോക്കിയപ്പോഴാണ് വിനു ശരിക്കും ഞെട്ടിയത്. അനുവിനെ കളിക്കാൻ ക്ഷണിച്ച അതേ കൂട്ടുകാർ. വിനു ഓടിച്ചെന്ന് അനുവിനെ വിളിച്ചുകൊണ്ട് വന്ന് കാര്യങ്ങൾ മനസ്സിലാക്കി കൊടുത്തു. എന്നിട്ട് പറഞ്ഞു. അവർ ചീത്ത വഴിയിലേക്ക് പോകുന്നവരാണ്. അതുകൊണ്ട് നീ ഇനി അവരുടെ കൂടെ പോകരുത്. പിന്നീട് അവർ രണ്ടുപേരും ചേർന്ന് ടീച്ചർമാരോട് കാര്യങ്ങൾ പറഞ്ഞു. അവർ ആ കുട്ടികളുടെ വീട്ടുകാരെ വിളിച്ച് കാര്യങ്ങൾ അറിയിക്കുകയും ഉപദേശിച്ച് നേർവഴിക്കാക്കുകയും ചെയ്തു. തന്നെ രക്ഷിച്ച വിനുവിനെ അനു വളരെയധികം നന്ദിയോടെ ഓർത്ത് ജീവിച്ചു.



# പുസ്തകം

പുസ്തകമെന്നൊരു അറിവാർത്ഥി

നന്മ നിറഞ്ഞൊരു കൂട്ടാളി

കൂടെ കൂട്ടാം എപ്പോഴും

നല്ലത് പറയും ചങ്ങാതി

നേർവഴി കാട്ടും ചങ്ങാതി

*നമ്മെ നയിക്കും പോരാളി*



# ഇതാ സമ്മാനം

മണ്ണു പറഞ്ഞു വിത്തേ വിത്തേ,
നിന്നെപ്പതിയെ മുളപ്പിക്കാം.
സൂര്യൻ ചൊല്ലി മുളയ്ക്കു, വെയിലിൻ
വീര്യം നൽകി വളർത്തീടാം.
മഴമേഘങ്ങൾ  ചൊല്ലി കുളിരും
മഴയിൽ നിന്നെ നനച്ചീടാം.
കാറ്റു പറഞ്ഞു കനിവൊടു നിന്നെ-
പ്പാട്ടും പാടിയുറങ്ങാൻ നല്ല കതിർക്കുല നൽകീടാം.ക്കീടാം.
അങ്ങനെ വിത്തൊരു ചെടിയായ-
പ്പോളിങ്ങനെ മെല്ലെപ്പാടുന്നു
എല്ലാം തന്നവർ നിങ്ങൾക്കായ്
*ഞാൻ നല്ല കതിർക്കുല നൽകീടാം.*



# പമ്പാനദി

കേരളീയരുടെ പുണ്യനദിയാണ് പമ്പ. ഹിന്ദുക്കളുടെ പ്രശസ്തമായ
തീർത്ഥാടനകേന്ദ്രങ്ങളായ ശബരിമലയും, ആറൻമുളയും മറ്റും
ഈ നദീതീരത്താണ്. പത്തനംതിട്ട ജില്ലയിലെ സഹ്യപർതനിരകളിൽ നിന്നൽഭനിച്ച്
ആലപ്പുഴ ജില്ലയിൽ
വേമ്പനാട്ടുകായലിൽ പതിക്കുന്ന ഈ നദിതീരത്താണ് പ്രശസ്തമായ
ചെറുകോൽ പുഴ ഹിന്ദുമത സമ്മേളനവും, കൃസ്ത്യാനികളുടെ പ്രശസ്തമായ മാരാവൺ
കൺവെൻഷനും നടക്കുന്നതും, പ്രശസ്തമായ ആറന്മുള വള്ളംകളിയും അരങ്ങേറുന്നത് ഈ
നദിയിലാണ്.

## പ്രധാന പോഷകനദികൾ

1. അഴുതയാർ
2. കക്കിയാർ
3. കക്കട്ടാർ
4. കല്ലാർ
5. പെരുംതേനരുവി
6. മടത്തരുവി
7. തനുങ്ങാട്ടിതോട്
8. കോഴിതോട്
9. വരട്ടാർ
10. കുട്ടൻപേരൂർപുഴ



# മൗലിക ചുമതലകൾ

1.ഭരണഘടനയെ അനുസരിക്കക,ഭരണഘടനയേയും ദേശീയ പതാകേയും ദേശീയഗാനത്തേയും ആദരിക്കക.

2.സ്വതന്ത്രസമരത്തിന് ഉത്തേജനം പകർന്ന 3.ഉന്നതമായ ആദർശങ്ങളെ പിന്തുടരുക.

ഇന്ത്യയുടെ പരാമാധികാരവും ഐക്യവും അഖണ്ഡതയും കാത്ത് സൂക്ഷിക്കക.

4.രാജ്യരക്ഷാ പ്രവർത്തനത്തിനും രാഷ്ട്ര സേവനത്തിനും തയ്യാറാവുക.

5.മത-ഭാഷ-പ്രദേശ-വിഭാഗ വൈവിധ്യങ്ങൾക്കതീതമായി എല്ലാവർക്കുമിടയിൽ സാഹോദര്യം വളർത്താൻ ശ്രമിക്കുക.

6.ഇന്ത്യയുടെ മഹത്തായ സാംസ്കാരിക പൈതൃകത്തെ ബഹുമാനിക്കുക.

7.പരിസ്ഥിതി സംരക്ഷിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുക.വനം,തടാകം,നദികൾ,വന്യജീവികൾ എന്നിവയെ കാത്തു സൂക്ഷിക്കുക.ജീവനുള്ളവയോടെല്ലാം അനുകമ്പകാട്ടുക


8.ശാസ്ത്രീയ വീക്ഷണവും മാനവികതയും അന്വേണാത്മകതും പരിഷ്കരണത്വരയും വികസിപ്പിക്കുക.

9.പൊതു സ്വത്ത് സംരക്ഷിക്കുക,അക്രമം ഉപേക്ഷിക്കുക.

*10.എല്ലാ മണ്ഡലങ്ങളിലും മികവു കാട്ടി രാഷ്ട്രത്തെ ഔന്നത്യത്തിന്റെ പാതയിൽ മുന്നേറാൻ സഹായിക്കുക.*

# എന്റെ പ്രീയനാട്

മലയാളമെന്നുടെ നാടാണ്
കേളിയേഴുന്നോവരു നാടാണ്
കേരങ്ങൾ തിങ്ങും നാടാണ്
ചന്തമെഴുന്നൊരു നാടാണ്
മാവേലി വാണൊരു നാടാണ്
മാമലകളുടെ നാടാണ്
മുക്കുറ്റി വിരിയും നാടാണ്
മാമ്പഴരാജൻ നാടാണ്
സസ്യ സമൃദ്ധമാം നാടാണ്
സുന്ദരമായൊരു നാടാണ്
മലയാളമെന്നുടെ നാടാണ്



# പ്രളയം നമ്മെപഠിപ്പിക്കുന്നത്

- ഓരോ തകർച്ചയും ഓരോ പാഠങ്ങളാണ്. ഓഗസ്റ്റിലെ പ്രളയം കേരളത്തേയും ചിലത് പഠിപ്പിക്കുന്നുണ്ട്. അതിൽ പ്രധാനപ്പെട്ടത് വികസനത്തിന്റെപേരിൽ പരിസ്ഥിതിയെ മറക്കരുതെന്നാണ്.

- അപകടസാധ്യതമുന്നിൽ കണ്ടുകൊണ്ടുള്ള സക്രിയമായ ഒരു ഭൂവിനിയോഗപദ്ധതിയാണ് ഭാവികേരളത്തിനു വേണ്ടത് .

- നദികളുടെ സ്വാഭാവിക ഒഴുക്കിനെ തടയുന്ന ഒരു നിർമ്മാണവും അനുവദിക്കരുത്.



## ബുദ്ധമയൂരി: കേരളത്തിന്റെ സ്വന്തം ശലഭം

കേരളത്തിന്റെ സംസ്ഥാനശലഭമായി ബുദ്ധമയൂരിയെ അംഗീകരിച്ചു. മയിലിന്റെ വർണ്ണമുള്ളതിനാൽ ഇവയെ ബുദ്ധമയൂരി എന്ന് വിളിക്കുന്നു.
പശ്ചിമഘട്ടത്തിലെ മലബാർപ്രദേശങ്ങളിൽ ഇവ ധാരളമായി കാണപ്പെടുന്നു.



# ഊർജനഷ്ടം ഒഴിവാക്കാൻ


## ചില മുൻകരുതലുകൾ

ഓരോ ഉപകരണവും വ്യത്യസ്ത സ്വഭാവത്തിലും അളവിലുമാണ് വൈദ്യുതി ഉപയോഗിക്കുന്നത്. വേണ്ടത്ര ശ്രദ്ധയില്ലാതെയാണ് ഇത്തരം ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതെന്കിൽ വീട്ടിലെ കറൻറ് ബിൽ കൂടുമെന്നതിൽ സംശയമില്ല. പണമുള്ളവരായാലും അത്തരത്തിൽ ഊർജം പാഴാക്കിക്കൂടാ. അത്യാവശ്യത്തിനുള്ള വൈദ്യുതിപോലും നമ്മുടെ നാട്ടിൽ എല്ലാവർക്കും ലഭിച്ചുതുടങ്ങിയിട്ടില്ല. ജനങ്ങൾക്ക് അധികഭാരമായി തീരും എന്നതിനാൽ സാധാരണക്കാരോട് ഉൽപ്പാദനച്ചെലവിന് ആനുപാതികമായ വില വൈദ്യുതിക്ക് ഈടാക്കുന്നതിനും പ്രയാസമുണ്ട് ആ നിലയ്ക്ക് വൈദ്യുതിയുടെ ഉപഭോഗം കാര്യക്ഷമമാക്കുക എന്നത് നമ്മുടെയെല്ലാം കടമയാണ്. വൈദ്യുതിയെക്കുറിച്ച് സാമാന്യമായ അറിവുള്ളവർക്ക് പോലും വൈദ്യുതോപകരണങ്ങൾ വാങ്ങുമ്പോഴും അവ ഉപയോഗിച്ചുകൊണ്ടിരിക്കുമ്പോഴും ശ്രദ്ധിക്കേണ്ടകാര്യങ്ങളെക്കുറിച്ച് വലിയ ധാരണയില്ല എന്നതാണ് വാസ്തവം.



# അമ്മ മനസ്സ്

അമ്മയെ മറക്കരുതേ
അമ്മയെ വെറുക്കല്ലേ
സ്നേഹത്തിൻ ചോരയല്ലേ
പാലൂട്ടി സ്നേഹിക്കില്ലേ
സ്നേഹം തരുന്നൊരു പാവമല്ലേ
അന്നം തരുന്നൊരു ദൈവമല്ലേ
നന്മയല്ലേ അമ്മ മനസ്സ്
തേനൂറും നല്ല വച്ചസ്സ്
എന്നുടെ സുന്ദരി അമ്മയല്ലേ,ഞാൻ
അമ്മേടെ സുന്ദരി വാവയല്ലേ
കഥകൾ പറയും,കവിതകൾ
ചൊല്ലും എന്നമ്മ,നല്ലമ്മ





## പ്രേമസംഗീതം

**ഉള്ളൂർ എസ് പരമേശ്വരയ്യർ**

ഒരൊറ്റമതമുണ്ടു -ലകി,ന്നുയിരാം പ്രേമം; അതൊന്നല്ലോ
പരക്കെ നമ്മെപ്പാലമൃുള്ളും പാർവണശശിബിംബം
ഭക്ത്യനുരാഗദയാദിവപുസ്സാപ്പരാത്മചൈതന്യം
പലമട്ടേന്തിപ്പാരിതിനെങ്ങും പ്രകാശമരുളുന്നു.
അതിന്നൊരരിയാം നാസ്തികൃംതാൻ ദ്വേഷം; ലോകത്തി--
ന്നഹോ! തമസ്സാമതിലടിപെട്ടാലകാലമൃത്യു ഫലം.
മാരണദേവതയാമതു മാറ്റും മണവറ പട്ടടയായ്,
മട്ടുമലർവാടിക മരുപ്പറമ്പായ്, വാനം നാരകമായ്.

II

പദങ്ങളന്വയമാർന്നേ വാക്യം ഭവിപ്പു സാർത്ഥകമായ്;
ശ്രുതിയും താളവുമൊത്തേ ഗാനം ശ്രോത്രസുഖം നല്കൂ.
പരാർദ്ധസംഖ്യം പരമാണുഗണം പരസ്പരം ചേരും
ശരീരമുടയോന്നല്ലീ സകലം ചരാചരഗ്രാമം?
പരാനപേക്ഷം പ്രാണിക്കമരാൻ പഴുതില്ലൊരിടത്തും;
പരൻപുമാനും പ്രകൃതിസഹായൻപ്രപഞ്ചഘടനത്തിൽ.
പേർത്തും തമ്മിൽ പൃഥ്വ്യപ്തേജോവായ്വാകാശങ്ങൾ
പിണയ്പ്പുമേന്മേൽ സൃഷ്ടിയിലീശൻ; പിരിപ്പു സംഹൃതിയിൽ
വരിഞ്ഞു നില്പൊരു സു-മമളിയെത്തൻ വിശിഷ്ടഗന്ധത്താൽ
വിവിക്തവിരസം വീണ്ടും വീണ്ടും വിളിപ്പൂസവിധത്തിൽ
മധുവ്രതത്തിനു മട്ടുമലർ വേണം മനം കുളിർപ്പിപ്പാൻ
മലർന്ന പൂവിനു വണ്ടും വേണം മന്നിതു വിണ്ണാവാൻ

പ്രജകൾ ജഗത്തിൽ സുകൃതികൾ ജായാപതികൾ നട്ടം ശുഭമാം
പരസ്പരപ്രണയാമരതരുവിൻ ഫലപ്രകാണ്ഡങ്ങൾ
ചൂടാൻമലരും ഘലനമാധ്വോന്നിനദോഹദകാലത്തിൽ
ചുമന്നിരിപ്പൂ ദുർഭരഗർഭം സുഖേന ജനയിത്രി
പിതാവു, മാതാ, വുടപ്പിറന്നോർ ബാന്ധവരിഷ്ടന്മാർ
പ്രേയസി, മക്കൾ, ഭുജിഷ്യർ തുടങ്ങി പ്രേമപരാധീനർ
പരിചരണോദ്യതർ പലജീവികൾതൻ പരിതഃസ്ഥിതിമൂലം
പദേപദേ നാം പ്രമുദിതർ കാണ്മൂ ഭവാബ്ധി ഗോഷ്പദമായ്

[ 3 ]
III

പ്രപഞ്ചമുകുരം നമ്മുടെ രൂപം പ്രതിബിംബിപ്പിപ്പൂ;
പ്രപഞ്ചകുഹരം നമ്മുടെ ശബ്ദം പ്രതിധ്വനിപ്പിപ്പൂ;
പ്രപഞ്ചമസ്മദ്വചനാമ്രേജനപണ്ഡിതമാം കീരം
പ്രപഞ്ചമസ്മൽഭാവവിഡംബന പാടവമാർന്ന നടൻ;
പ്രപഞ്ചഭൂമിയിൽവിതച്ചവിത്തിൻ ഫലത്തെ നാം കൊയ്‌വൂ;
പ്രപഞ്ചമരുൾവൂ പട്ടും വെട്ടും പകരത്തിനുപകരം.
വിളക്കു കൈവശമുള്ളവനെങ്ങും വിശ്വം ദീപമയം,
വെണ്മ മനസ്സിൽ വിളങ്ങിന ഭദ്രനു മേന്മേലമൃതമയം.
പേശലമല്ലൊരു വസ്തുവുമുലകിൽ പ്രേക്ഷകനില്ലെന്നാ,-
ലീശ്വരസൃഷ്ടിയിലെങ്ങെങ്ങില്ലീയിതരേതരയോഗം?
പദാർത്ഥനിരതൻ പ്രകൃതിജഭാവം പരസ്പരാകർഷം;
പ്രാണികുലത്തിൻ പ്രഥമാത്മഗുണം പരസ്പരപ്രേമം.
നമിക്കിലുയരാം, നടുകിൽത്തിന്നാം, നൽകുകിൽ നേടി-ടാം;
നമുക്കു നാമേ പണിവതു നാകം നരകവുമതുപോലെ
മനവും മിഴിയും നാവും കരവും മന്നിൻ മാലകലാൻ
മഹാനുകമ്പാമസൃണിതമാക്കും മനുഷ്യർ ദേവന്മാർ
പാഷാണൗഷധിപക്ഷിമൃഗാദികൾ പല പല വടിവുകളിൽ
പ്രകൃതി ലസിപ്പൂ നമുക്കു ചുറ്റും പരമോത്സവദാത്രി.
പേർത്തും നമ്മിലുമവയിലുമൊപ്പം പ്രേക്ഷിപ്പോർക്കെല്ലാം
പ്രേമാത്മാവായ് വിലസും നമ്മുടെ പിതാവിനെക്കാണാം.
ഉലകാമുത്തമവിദ്യാലയമിതിലുപകാരോപനി,ഷ-
ത്തോതിക്കോനവനുപദേശിപ്പതുമുറക്കവേ കേൾക്കാം.

ഏകോദരസോദരർ നാമേവരു,മെല്ലാജീവികളും
ലോകപടത്തിൽത്തമ്മിലിണങ്ങിടുമോതപ്രോതങ്ങൾ
അടുത്തുനില്പോരനുജരെ നോക്കാനക്ഷികളില്ലാത്തോർ--
ക്കരൂപനീശ്വരനദൃശ്യനായാലതിലെന്താശ്ചര്യം?
അഹോ! ജയിപ്പൂ ജഗദാധാരമൊരത്ഭുതദിവ്യമഹ--
സ്സഖണ്ഡമദ്വയമചിന്ത്യവൈഭവമനാദിമദ്ധ്യാന്തം.
ആഴ് വാഞ്ചേരിത്തമ്പ്രാക്കളിലുണ്ടയ്യൻപുലയനിലു-
ണ്ടാദിത്യനിലുണ്ടണുകൃമിയിലുമുണ്ടതിൻ പരിസ്ഫുരണം
അരചർക്കരചനുമടിമയ്ക്കടിമയുമഭിന്നർ; ഉള്ളിലവർ--
ക്കതിൽക്കൊളുത്തിന തിരിതാ-ൻ കത്തുവതന്തഃകരണാഖ്യം.

IV

നമോസ്തുതേ മജ്ജീവനദായക! നടേശ! പരമാത്മൻ!
നരാഖ്യമങ്ങേ നർത്തകഗണമിതിൽ ഞാനുമൊരല്പാങ്ഗം.
വേഷമെനിക്കെന്തെന്നു വിധിപ്പതു വിഭോ! ഭവച്ചിത്തം;
വിശ്വപ്രിയമായ് നടനം ചെയ് വതു വിധേയനെൻകൃത്യം.

[ 4 ]

അരങ്ങുലയ്ക്കാനരചൻ മതിയാമതിനു കൊഴുപ്പേകാ-
നനുചരനാവാ, മണിയാടകളല്ലഭിനയമതു സിദ്ധം.
അകമേ നിലകൊണ്ടതാതുചുവടുക,ളാമരുതെന്നുതിരി-
ച്ചടിയനു കാട്ടിത്തരുവോനവിടുന്നന്യർ ധരിക്കാതെ.
അതൊന്നു കാണ്മാൻ മിഴികൾ തുറന്നാലന്നിമിഷംമുതൽ ഞാ-
നരങ്ങുമണിയറയും പുകഴും മട്ടാടാനതുചതുരൻ.
പരാപരാത്മൻ! ഭക്ത്യഭിഗമ്യൻ ഭവാനെയാർ കാണ്മൂ
ചരാചരപ്രേമാഞ്ജനമെഴുതിന ചക്ഷുസ്സില്ലാഞ്ഞാൽ?
പരസുഖമേ സുഖമെനിക്കു നിയതം, പരദുഃഖം ദുഖം;
പരമാർത്ഥത്തില്പ്പരനും ഞാനും ഭവാനുമൊന്നല്ലീ?
ഭവാനധീനം പരമെന്നുടലും പ്രാണനും; അവ രണ്ടും
പരാർത്ഥമാക്കുക പകലും രാവും; പ്രഭോ! നമസ്കാരം!

മണിമഞ്ജൂഷ 1933



## സൗന്ദര്യലഹരി

*ചങ്ങമ്പുഴ കൃഷ്ണപ്പിള്ള*

*പച്ചിലച്ചാർത്തിൻ പഴുതിങ്കലൂടതാ കാൺമൂ*
*പശ്ചിമാംബരത്തിലെപ്പനിനീർപ്പൂന്തോട്ടങ്ങൾ.*
*ഇത്തരം സൗന്ദര്യം ഞാൻ നുകരാൻ തുടങ്ങിയി-*
*ട്ടെത്ര കാലമാ,യെന്നാലിനിയും തീർന്നില്ലല്ലോ!*
*ഓരോരോ ദിവസവുമത്യനർഘമായീടും*
*ചാരുതയൊന്നീ ലോകഗോളത്തെപ്പുതുക്കുന്നു.*
*അല്ലെങ്കിൽ, പ്രാപഞ്ചികജീവിതത്തിനെ, നമ്മ-*
*ളെല്ലാരുമിതിൻമുൻപേ വെറുത്തുകഴിഞ്ഞേനെ!*
*പൂർവ്വദിങ്ങ്മുഖത്തിങ്കൽ സിന്ദൂരപൂരംപൂശി-*
*പ്പൂവിനെച്ചിരിപ്പിച്ചുവന്നെത്തും പുലരിയും;*
*മുല്ലമൊട്ടുകൾവാരി വാനിങ്കൽ വിതറിക്കൊ-*
*ണ്ടുല്ലാസഭരിതയായണയുംസന്ധ്യാ ശ്രീയും;*
*വാനിലുല്ലസിച്ചിടും വാര്മതിയൊഴുക്കുന്ന*
*പൂനിലാവിങ്കൽ കുളിച്ചെത്തിടും രജനിയും;-*
*എന്തിനിപ്രകൃതിയിൽ സൗന്ദര്യമയമായു-*
*ള്ളെന്തും,ഹാ ജീവിതത്തെ മധുരിപ്പിച്ചീടുന്നു!*
*കുളിർത്തമണിത്തെന്നൽ സൗരഭോന്മദം പൂണ്ടു*
*തളിർത്ത തരുക്കളെത്തഴുകിത്തളരവെ;*
*അന്തരംഗാന്തരത്തിലംബരാന്തത്തെയേന്തി-*
*ത്തന്തിരകളാൽ താളംപിടിച്ചു പാടിപ്പാടി*
*പാറക്കെട്ടുകൾതോറും പളുങ്കുമണി ചിന്നി-*
*യാരണ്യപ്പൂഞ്ചോലകളാമന്ദമൊഴുകവെ;*
*മരന്ദം തുളുമ്പുന്ന മലരിൽ ചുറ്റും കൂടി*
*മുരളും തേനീച്ചകൾ പറന്നു കളിക്കവെ;*
*വല്ലികാനടികൾ നൽപല്ലവാകുലമായ*

*ചില്ലകൈയുകളാട്ടി നർത്തനം ചെയ്തീടവെ;*
*അറിയാതവരോടുകൂടി നമ്മള, മേതോ*
*പരമാനന്ദപ്രവാഹത്തിങ്കൽ മുഴുകുന്നു.*
*ഈ വിധം മനോഹരവസ്തുക്കളെല്ലാം നമ്മെ-*
*"ജ്ജീവിക്കൂ, ജീവിക്കൂ," കെന്നൽബോധിപ്പിപ്പൂ നിത്യം.*
*"നുകരൂ, നുകരൂ, മത്സൗന്ദര്യം!"- നമ്മോടിളം-*
*മുകുളം വികസിച്ച നെടുവീർപ്പിട്ടോതുന്നു.*
*"മുറുകെ മുകർന്നീടുകോമനേ, പിന്നെപ്പിന്നെ*
*മറവിക്കകത്തേയ്ക്കു വീണടിയേണ്ടോരെന്നെ!"*
*പാടലദലാധരം ചേർത്തുമുച്ചലിക്കെ, ച്ചെ-*
*റ്റാടലാർന്നളിയോടു പനിനീർപ്പൂവർത്ഥിപ്പൂ.*
*ð ജീവിതലഘുകാവ്യത്തിൻ പകർപ്പവകാശം*
*കേവലം മരണത്തിനുള്ളതാണെങ്കിലാട്ടെ;*
*നിത്യസുന്ദരമാകും, സ്നേഹഗീതിയാലതു*
*നിസ്തുലമാക്കിത്തീർക്കാനാവുകി, ലതേ കാമ്യം!*
*സായാഹ്നരാഗംപോലെ സർവ്വവും തേയാം, മായാം*
*പോയാലോ പോയി;-പിന്നെയൊന്നു, മില്ലെല്ലാം ശൂന്യം!*
*ഇന്നുനാമുള്ളോ, രില്ലാത്തവരായ്ത്തീർന്നിടേണം*
*പിന്നാലെവരുന്നോർക്കൊരന്ധാന്വേഷണത്തിനായ്.*
*ഇന്നലെ, ത്തേങ്ങിത്തേങ്ങിയെന്തിനോകരഞ്ഞു ഞാ-*
*നിന്നിനിച്ചിരിക്കട്ടെ;- നാളെഞാനൊഴിഞ്ഞേയ്ക്കാം!*
*പുതുമേ, വീണ്ടും വീണ്ടും പുൽകുക ലോകത്തെ നീ*
*'മതി!'- യെന്നവളെക്കൊണ്ടോതിക്കാതൊരിക്കലും!27-8-1108*

*1*

1 ചങ്ങമ്പുഴ കൃഷ്ണപിള്ള

മനുഷ്യനെന്ന നിലയിലും കവിയെന്ന നിലയിലും മറ്റുള്ള മലയാളകവികളിൽനിന്നു തികച്ചും ഒറ്റപ്പെട്ടു നിൽക്കുന്നു മഹാകവി ചങ്ങമ്പുഴ. മലയാളത്തിന്റെ ഈ പ്രിയപ്പെട്ട കവി 1911 ഒക്ടോബർ 10-ന് ജനിച്ചു. ജന്മദേശം ഉത്തരതിരുവിതാംകൂറിൽപ്പെട്ട (ഇപ്പോൾ എറണാകുളം ജില്ലയിൽ) ഇടപ്പള്ളിയാണ്. ഇടപ്പള്ളി ചങ്ങമ്പുഴത്തറവാട്ടിലെ ശ്രീമതി പാറുക്കുട്ടിയമ്മയാണ് മാതാവ്. തെക്കേടത്തു വീട്ടിൽ രാമൻ മേനോൻ പിതാവും.

# നന്ദി

ഈ മാഗസിൻ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകിയ ഹെഡ് മിസ്ട്രസ്, അധ്യാപകർ, കുട്ടികാർ എന്നിവർക്കുള്ള നന്ദിയും കടപ്പാടും സ്നേഹത്തോടെ അറിയിച്ചുകൊള്ളുന്നു.

ലിറ്റിൽകൈറ്റ്സ്

